**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4175** **28-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എൻജിനിയർ (സിവിൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴി നേരിട്ടും സ്ഥാനക്കയറ്റം വഴിയും നികത്തേണ്ട ഒഴിവുകൾ എത്ര വീതമെന്ന് അറിയിക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ കേഡർ സ്ട്രെങ്ങ്തിന്റെ അടിസ്ഥാനത്തിൽ 104 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ 86 ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തേണ്ടതും 18 ഒഴിവുകൾ പി.എസ്.സി മുഖേന നികത്തേണ്ടതുമാണ്. |
| (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റൻറ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് പ്രവേശിച്ചവരിൽ എത്ര പേർ പ്രസ്തുത തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ നിന്നും 2024 മെയ് മാസം വിരമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; 2024 മെയ് മാസം നടന്ന വിരമിക്കൽ വഴി ഡിഗ്രി ക്വാട്ടയിൽ ഉണ്ടാവാൻ പോകുന്ന ഒഴിവുകൾ എത്ര; പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി വഴി നേരിട്ട് പ്രവേശിച്ചവരിൽ ആരും തന്നെ 2024 മെയ് മാസത്തിൽ വിരമിച്ചിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ 2024 മെയ് മാസത്തിൽ ടി തസ്തികയിലേക്ക് താൽകാലികമായി പ്രമോഷൻ നൽകിയിരുന്ന ഒരാൾ ഉൾപ്പടെ 9 പേർ വിരമിച്ചിട്ടുണ്ട്, ആയതിൽ 4 പേർ പി.എസ്.സി വഴി നേരിട്ട് നിയമനം ലഭിച്ചവരാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് നിയമനം നൽകുന്നത് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ DPC യോഗം ചേർന്ന് പ്രസിദ്ധീകരിക്കുന്ന സെലക്ട് ലിസ്റ്റ് പ്രകാരമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് ബൈ പ്രമോഷൻ വഴിയുള്ള നിയമനങ്ങൾ മാത്രമാണുള്ളത്. അതുകൊണ്ട് തന്നെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിരമിച്ചത് വഴി ഡിഗ്രി ക്വാട്ടയിൽ ഒഴിവുകൾ ഉണ്ടാവുകയില്ല.<br><br>2024 മെയ് മാസം ബൈ ട്രാൻസ്ഫർ വഴി നിയമനം ലഭിച്ച ഒരു അസിസ്റ്റന്റ് എഞ്ചിനീയർ വിരമിച്ചത് വഴി (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് താൽകാലികമായി പ്രമോഷൻ നൽകിയിരുന്നു) ഡിഗ്രി ക്വാട്ടയിൽ(പി.എസ്.സി |

| | | | |
|---|---|---|---|
| | | | ബൈ ട്രാൻസ്ഫർ / ഡിപ്പാർട്ട്മെന്റ് ക്വാട്ട) ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്.<br><br>അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി ബൈ ട്രാൻസ്ഫർ / ഡിപ്പാർട്ട്മെന്റ് ക്വാട്ട മുഖേന നിയമിതരായവരുടെ എണ്ണം അനുവദിക്കപ്പെട്ട അംഗബലത്തേക്കാൾ അധികരിച്ച് നിൽക്കുന്നതിനാൽ പ്രസ്തുത തസ്തികയിൽ അനുവദിക്കപ്പെട്ട കേഡർ സ്ട്രെങ്ത്ത് എത്തുന്നത് വരെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലുണ്ടാകുന്ന ഡിപ്പാർട്ട്മെന്റ് ക്വാട്ട (പി.എസ്.സി ബൈ ട്രാൻസ്ഫർ) ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ